പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1084 — 30/11/2018-ൽ മറുപടിയ്ക്ക്

## കൈവല്യ വായ്പ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്: | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രഖ്യാപിച്ച 'കൈവല്യ' വായ്പ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതിക്കായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (എ) യും (ബി) യും | 'കൈവല്യ' സ്വയംതൊഴിൽ വായ്പ പദ്ധതി സംബന്ധിച്ച് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് വഴി സംഘടിപ്പിക്കുന്ന വൊക്കേഷണൽ ഗൈഡൻസ് ക്ലാസുകളിലും കരിയർ ക്ലാസുകളിലും കൈവല്യ സ്വയംതൊഴിൽ പദ്ധതി സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്. സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ കപ്പാസിറ്റി ബിൽഡിംഗ്, സംരംഭകത്വ പരിശീലനം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ചും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൈവല്യ സ്വയംതൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശന-വിപണന മേള **"ഉണർവ്"** എന്ന പേരിൽ ഓണം, ക്രിസ്തുമസ് ഉത്സവങ്ങളോടനുബന്ധിച്ചും **"അതിജീവനം"** എന്ന പേരിൽ ഭിന്നശേഷിക്കാർക്കായി മാത്രം പ്രത്യേക തൊഴിൽ മേളയും സംഘടിപ്പിച്ചുവരുന്നു. മേൽ പരിപാടികളിലെല്ലാം "കൈവല്യ" പദ്ധതിയെക്കുറിച്ചുള്ള ശരിയായ അവബോധം ഭിന്നശേഷിക്കാർക്കിടയിൽ നടത്താറുണ്ട്. കൂടാതെ കൈവല്യ |

പദ്ധതിയെപ്പറ്റിയുള്ള ലഘുലേഖകളും ബ്രോഷറുകളും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നൽകി വരാറുമുണ്ട്.

'കൈവല്യ' വായ്പ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1,53,50,000, 84,97,000, 77,00,000 രൂപ അനുവദിച്ചിരുന്നു. കൈവല്യ സ്വയംതൊഴിൽ പദ്ധതിക്കായി ആകെ 7466 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. മേൽ തുക 631 ഗുണഭോക്താക്കൾക്ക് സംരംഭം തുടങ്ങുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ